കെ-3/39457/റ്റി.സി./2017

ട്രാൻസ്പോർട്ട് കമ്മിഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 10/01/2018

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മിഷണർ,
ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്,
ട്രാൻസ് ടവേഴ്, വഴുതക്കാട്,
തിരുവനന്തപുരം.

സ്വീകർത്താക്കൾ

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ചെക്ക് പോസ്റ്റുകളിലേയും എം.വി.ഐ. മാർക്കും.

അങ്ങയുടെ അറിവിനായി,

വിഷയം: വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിൽ കാല താമസമൊഴിവാക്കാനുള്ള സർക്കാർ നിർദ്ദേശം – ഒരു വർഷ ത്തിനുള്ളിൽ വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെ ടുന്നത്.

സൂചന: 1. സർക്കുലർ നമ്പർ 53/2013 ഫിൻ. തീയതി, 11/06/2013.
2. സർക്കുലർ നമ്പർ 22/2014 ഫിൻ. തീയതി, 1/03/2014.
3. സർക്കുലർനമ്പർ 57/2017 ഫിൻ. തീയതി, 19/07/2017.

സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലുള്ള കാലതാമസമൊഴിവാക്കുന്നതിനായി വിരമിക്കുന്നവരിൽനിന്നും പെൻഷൻ അപേക്ഷകൾ മാസങ്ങൾക്കു മുൻപ് തന്നെ വാങ്ങുകയും പരിശോധിച്ച് പിഴവുകൾ തീർത്ത് ആവശ്യമായ രേഖകളോടെ തയാറാക്കി അക്കൌണ്ടന്റ് ജനറലിന് അയക്കുകയും വേണമെന്ന നിർദ്ദേശം സൂചന 1, 2, എന്നിവയിലൂടെ സർക്കാർ നൽകിയിരുന്നു. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന് കാണുകയാൽ ഏറ്റവുമൊടുവിലായി, ഈ കത്തിനൊപ്പം പകർപ്പ് ഉള്ളടക്കം ചെയ്യുന്ന സൂചന 3 ൽ പ്രസ്തുത നിർദ്ദേശം വീണ്ടും ലഭിച്ചിരിക്കുന്നു.

ഓരോ ആറു മാസക്കാലങ്ങളിലും അതായത് ജാനുവരി, ജൂലൈ മാസങ്ങളിൽ തങ്ങളുടെ വകുപ്പിൽ നിന്നും വരുന്ന ഒരു വർഷം മുതൽ ഒന്നര വർഷം വരെയുള്ള കാലയളവിൽ വിരമിക്കുന്ന ഗസറ്റഡ്/ നോൺ ഗസറ്റഡ് ജീവനക്കാരുടെ വിവരങ്ങൾ മേല്പറഞ്ഞ മാസങ്ങളിലെ 31-ആം തീയതിക്കു മുൻപ് എല്ലാ വകുപ്പദ്ധ്യക്ഷന്മാരും അക്കൌണ്ടന്റ് ജനറലിന് നൽകണമെന്നാണ് കെ.എസ്. ആർ. ഭാഗം 3, ചട്ടം 109-ലെ വ്യവസ്ഥ. എല്ലാ ജീവനക്കാരും തങ്ങൾ വിരമിക്കുന്നതിനും ഒരു വർഷം മുൻപ് തന്നെ പെൻഷനു അപേക്ഷകൾ അതനുവദിക്കുന്ന അധികാരിക്ക് സമർപ്പിക്കണമെന്നാണ് ചട്ടം 110-ൽ നിഷ്കർഷിക്കുന്നത്. ആയതിനാല് താമസം കൂടാതെ പെൻഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യം നേടുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് മുൻകൂട്ടി നൽകുന്നതിനും നിയമത്തിലെ വ്യവസ്ഥകളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കുന്നതിനുമായി അടുത്ത ഒരു വർഷത്തിനുള്ളിൽ (31/12/2018 വരെ) വിരമിക്കുന്ന വകുപ്പിലെ എല്ലാ ഗസറ്റഡ് ജീവനക്കാരുടേയും വിവരങ്ങൾ വകുപ്പുതല മേധാവികൾ എത്രയും വേഗം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്.)

സീനിയർ ഫിനാൻസ് ഓഫീസർ.
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി.

അംഗീകാരത്തോടെ,

JMA 10.1.18

സീനിയർ സൂപ്രണ്ട്.

10.01.2018